# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ഒക്ടോബർ 5, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

3 (*31) സഹകരണ രംഗത്തെ കേന്ദ്ര സർക്കാർ ഇടപെടലുകൾ

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ അപ്പെക്സ് കോ-ഓപ് ഫിനാൻസ് & ഡെവലപ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ അപ്പെക്സ് ബോഡി രൂപീകരിച്ചിട്ടുണ്ടെന്നും പ്രാഥമിക സഹകരണ സംഘങ്ങളെ അപ്പെക്സ് ബോഡിയുടെ പ്രവർത്തനപരിധിയിൽ കൊണ്ടുവരുന്ന നിയമം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് പരിശോധിച്ച് ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. 2020-ലെ ബാങ്കിംഗ് നിയമ (ഭേദഗതി) ബില്ലിൽ സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ

ഭേദഗതി വരുത്തണമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും കേന്ദ്ര ആദായനികുതി നിയമത്തിലെ 194 N വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണമേഖലയെ ഒഴിവാക്കുന്നതിന് നിവേദനം നൽകിയിട്ടുണ്ടെന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കാനുള്ള നീക്കത്തിനെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിട്ടുണ്ടെന്നും സഹകരണസംഘങ്ങളുടെ ആദായ നികുതിയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി സ്വാഗതാർഹമാണെന്നും മന്ത്രി വ്യക്തമാക്കി. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ മേഖലയിൽ 29578 പേർക്ക് തൊഴിലും 'വിദ്യാതരംഗിണി' പദ്ധതി പ്രകാരം 86270 പേർക്ക് 83,40,62,813 രൂപയുടെ വായ്പയും നൽകിയിട്ടുണ്ടെന്നും 29 യുവജന സഹകരണസംഘങ്ങളും കോവിഡ് സാമഗ്രികൾ നിർമ്മിക്കുന്ന 12 വനിതാ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഒക്ടോബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്നും 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പലിശ കുറച്ചും തിരിച്ചടവിന് സാവകാശം നൽകിയും

വായ്പാനയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും പട്ടികജാതി സഹകരണസംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4(*32 & *55) വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, വ്യവസായ സൗഹൃദ അന്തരീക്ഷം പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി വ്യവസായരംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി DIC, KSIDC, KINFRA

എന്നിവ മുഖേന വിവിധ സാമ്പത്തിക സഹായ പദ്ധതികൾ ആവിഷ്കരിക്കുകയും ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ‘ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ’ (KIPF) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ (ESS) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് സഹായിക്കുന്ന സംരംഭങ്ങൾക്ക് 10% അധിക സബ്സിഡി നൽകിവരുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കെ-സിസ് (Kerala-Centralised Inspection System) സംവിധാനം ഏർപ്പെടുത്തുകയും കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മൂന്നംഗ സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ സംരംഭകരുടെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിന് 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചുവരുന്നു. സംരംഭകർക്ക് വിവിധ സേവനങ്ങളും അനുമതികളും നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കുന്നതിന് സിവിൽ കോടതിയുടെ

അധികാരമുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിന് 2021- ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് രണ്ടാം സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3220 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും 4299 പുതിയ M.S.M.E. യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും അഗ്രോ സ്റ്റാർട്ടപ്പുകൾക്കും മാനുഫാക്ചറിംഗ് സ്റ്റാർട്ടപ്പുകൾക്കുംവേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതാണെന്നും കാർഷികോൽപ്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് വിശദമായ പദ്ധതി തയ്യാറാക്കാൻ മന്ത്രിതല ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിദേശത്തുനിന്നും മടങ്ങിയെത്തിയ പ്രവാസികൾക്ക് 2 ലക്ഷം രൂപ വരെയുള്ള നാനോ പദ്ധതികളാരംഭിക്കുന്നതിന് സഹായം പ്രഖ്യാപിച്ചിട്ടുണ്ടെന്നും വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടെന്നും വ്യവസായ സൗഹൃദ അന്തരീക്ഷം

സംജാതമായത്തിന്റെ അടിസ്ഥാനത്തിൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസ് ലിമിറ്റഡ്, ടാറ്റാ എലക്സി തുടങ്ങി നിരവധി വ്യവസായ സംരംഭകരുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി കൊല്ലം, മലപ്പുറം ജില്ലകളിൽ രണ്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും മത്സ്യ സംസ്കരണ മേഖലയിലെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിന് ചേർത്തലയിൽ സീ ഫുഡ് പ്രോസസ്സിംഗ് പാർക്ക് ആരംഭിക്കുന്നതാണെന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരനിയമനങ്ങൾ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡിന് വിടാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ബാംബൂ കോർപ്പറേഷന് ഈറ്റ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വനം-വന്യജീവി വകുപ്പുമന്ത്രിയും അറിയിച്ചു.

5 (*33 &*45) <u>വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ കരട് താരിഫ് നയം</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2022-23 മുതൽ 5 വർഷത്തേയ്ക്ക് വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് മാനദണ്ഡങ്ങൾ

നിശ്ചയിക്കുന്നതിനുള്ള കരട് റെഗുലേഷൻ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നും സംസ്ഥാന സർക്കാരിന്റെ നയങ്ങളും പൊതുജനതാല്പര്യവും മുൻനിർത്തി മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂവെന്നും സഭയെ അറിയിച്ചു. കരട് ചട്ടങ്ങളിന്മേൽ കെ.എസ്.ഇ.ബി.എൽ. രേഖാമൂലം നിലപാട് അറിയിക്കുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് കൂടുതൽ വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിന് സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ പാർക്കുകളിൽ വരുന്ന സംരംഭങ്ങൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കാൻ ഉതകുന്ന സമീപനമാണ് കരട് റെഗുലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള വ്യവസായ പാർക്കുകളിൽ വ്യവസായ വികസനത്തിനും തൊഴിലവസരങ്ങളും സംസ്ഥാനത്തിന്റെ നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് വ്യത്യസ്തമായ നിരക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.